**"ഭരണ ഭാഷ – മാതൃഭാഷ"**

# ഇൻഫർമേഷൻ കേരളാ മിഷൻ

പബ്ലിക്ക് ഓഫീസ് ബിൽഡിംഗ്, പബ്ലിക്ക് ഓഫീസ് പി.ഒ ,തിരുവനന്തപുരം – 695 033

**27.07.2022 –ന് വൈകുന്നേരം 4.00–ന് തിരുവനന്തപുരം സെക്രട്ടറിയേറ്റ് അനക്സ് –1 ബിൽഡിംഗിൽ ബഹു: തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ ചേംബറിൽ വച്ച് നടന്ന ഇൻഫർമേഷൻ കേരളാ മിഷൻ സൊസൈറ്റിയുടെ 26–ാമത് എക്സിക്യൂട്ടീവ് കമ്മിറ്റി യോഗത്തിന്റെ നടപടിക്കുറിപ്പ്.**

**യോഗത്തിൽ പങ്കെടുത്തവരുടെ ലിസ്റ്റ് ചുവടെ ചേർക്കുന്നു.**

| ക്രമ നമ്പർ | പേര് | സ്ഥാനം |
|---|---|---|
| 1 | ശ്രീമതി. ശാരദാ മുരളീധരൻ ഐഎഎസ്, അഡീഷണൽ ചീഫ് സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ്. | **ചെയർപേഴ്സൺ** |
| 2 | ശ്രീമതി. കെ.എം ഉഷ, പ്രസിഡന്റ്, കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ | **മെമ്പർ** |
| 3 | ഡോ.സന്തോഷ് ബാബു ഐഎഎസ് (Rtd), ചീഫ് മിഷൻ ഡയറക്ടർ & എക്സിക്യൂട്ടീവ് ഡയറക്ടർ (i/c), ഇൻഫർമേഷൻ കേരള മിഷൻ | **മെമ്പർ സെക്രട്ടറി** |
| 4 | ശ്രീ. സ്നേഹിൽ കുമാർ സിംഗ് ഐഎഎസ്, ഡയറക്ടർ, ഐ.ടി.മിഷൻ & ഡെപ്യൂട്ടി സെക്രട്ടറി, ഇലട്രോണിക്സ് & ഐ.ടി വകുപ്പ് | **മെമ്പർ** |
| 5 | ശ്രീ. ജി അനിൽകുമാർ, അഡീഷണൽ സെക്രട്ടറി, ധനകാര്യ വകുപ്പ് | **മെമ്പർ** |

ഐ.കെ.എമ്മിന്റെ 26–ാമത് എക്സിക്യൂട്ടീവ് കമ്മിറ്റി യോഗത്തിന്റെ പരിഗണനക്കായി 16 അജണ്ടകൾ തയ്യാറാക്കി സമർപ്പിച്ചിരുന്നെങ്കിലും സമയക്കുറവുമൂലം ആദ്യത്തെ 7 അജണ്ടകൾ മാത്രമാണ് ചർച്ചയ്ക്ക് എടുക്കുന്നതിന് കഴിഞ്ഞത്. ആയതിൻമേലുള്ള തീരുമാനം ചുവടെ ചേർക്കുന്നു.

**അജണ്ട–1**

**വിഷയം: 01.04.2022 ന് നടന്ന ഇരുപത്തിഅഞ്ചാമത് എക്സിക്യൂട്ടീവ് കമ്മിറ്റി യോഗത്തിന്റെ മിനിട്സ് സ്ഥിരീകരിക്കുന്നത് സംബന്ധിച്ച്.**

**തീരുമാനം**

01.04.2022 ന് കൂടിയ ഇരുപത്തിഅഞ്ചാമത് എക്സിക്യൂട്ടീവ് കമ്മിറ്റി യോഗത്തിന്റെ മിനിട്ട്സ് ചർച്ചകൾക്കു ശേഷം സ്ഥിരീകരിച്ചു.

**അജണ്ട–2**

**വിഷയം: ഇരുപത്തിഅഞ്ചാമത് എക്സിക്യൂട്ടീവ് കമ്മിറ്റി യോഗ തീരുമാനങ്ങളിൽ സ്വീകരിച്ച നടപടികൾ സംബന്ധിച്ച്.**

ഇരുപത്തിഅഞ്ചാമത് എക്സിക്യൂട്ടീവ് കമ്മിറ്റി യോഗത്തിന്റെ മിനിട്സ് പ്രകാരം സ്വീകരിച്ച അനന്തര നടപടികൾ എക്സിക്യൂട്ടീവ് ഡയറക്ടർ യോഗത്തിൽ വിശദീകരിക്കുകയും, ആയത് കമ്മിറ്റി അംഗങ്ങളുടെ ശ്രദ്ധയിൽപ്പെടുത്തുകയും, റെക്കോഡാക്കുകയും ചെയ്തു.

ഐ.കെ.എമ്മിന്റെ എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ പഞ്ചായത്ത് ഡയറക്ടറെയും, നഗരകാര്യ ഡയറക്ടറെയും ഉൾപ്പെടുത്തി പുനഃസംഘടിപ്പിക്കുന്നതിന് സർക്കാരിലേക്ക് പ്രൊപ്പോസൽ നൽകുന്നതിന് തീരുമാനിച്ചു.

**അജണ്ട–3**

**വിഷയം: കഴിഞ്ഞ എക്സിക്യൂട്ടീവ് കമ്മിറ്റിക്ക് ശേഷം (01.04.2022) ഐ.കെ.എം ചെയ്ത പ്രവർത്തനങ്ങളുടെ ഒരു റിപ്പോർട്ട് സമർപ്പിക്കുന്നത് സംബന്ധിച്ച്.**

കഴിഞ്ഞ എക്സിക്യൂട്ടീവ് കമ്മിറ്റിക്ക് ശേഷം (01.04.2022) ഐ.കെ.എം ചെയ്ത പ്രവർത്തനങ്ങളുടെ ഒരു റിപ്പോർട്ട് എക്സിക്യൂട്ടീവ് ഡയറക്ടർ യോഗത്തിൽ വിശദീകരിച്ചു. ആയതിമേൽ ചർച്ചനടത്തുകയും ചെയ്തു.

ചില തദ്ദേശ ഭരണസ്ഥാപനങ്ങളിൽ ഐ.എൽ.ജി.എം.സ് slow ആണെന്ന് പഞ്ചായത്ത് അസോസിയേഷൻ പ്രസിഡന്റ് യോഗത്തിൽ അറിയിച്ചു. ആയത് പരിശോധിച്ച് വേണ്ട നടപടി സ്വീകരിക്കുന്നതാണെന്ന് എക്സിക്യൂട്ടീവ് ഡയറക്ടർ അറിയിച്ചു.

സുലേഖ സോഫ്റ്റ്‌വെയറിൽ MIS തയ്യാറാക്കുന്നതിനുവേണ്ടിയുള്ള നടപടികൾ ഉടൻ സ്വീകരിക്കണമെന്ന് ചെയർപേഴ്സൺ യോഗത്തിൽ നിർദ്ദേശിച്ചു.

**അജണ്ട-4**

**വിഷയം: ഇൻഫർമേഷൻ കേരള മിഷനിലെ ജീവനക്കാരുടെ ഒരു ലക്ഷത്തിന് മുകളിലുള്ള മെഡിക്കൽ റീ ഇംപേഴ്സ്മെന്റ് ക്ലെയിം അനുവദിച്ചു നൽകുന്നതിന് എക്സിക്യൂട്ടീവ് ഡയറക്ടറെ ചുമതലപ്പെടുത്തുന്നത് സംബന്ധിച്ച്.**

**തീരുമാനം**

ഇൻഫർമേഷൻ കേരള മിഷനിലെ ജീവനക്കാരായ ശ്രീമതി.സരിത.ബി.എസ്, ശ്രീമതി.പ്രതിഭ എസ് എന്നിവർക്ക് മെഡിക്കൽ റീ ഇംപേഴ്സ്മെന്റ് ഇനത്തിൽ ഡി.എച്ച്.എസ് അനുവദിച്ചു നൽകിയ അനുവദനീയമായ തുകയായ 1,44,397/- രൂപ; 1,15,355/- രൂപ എന്നിവ യഥാക്രമം, ഐ.കെ.എമ്മിന്റെ സർവ്വീസ് റൂൾസ് & റിക്രൂട്ട്മെന്റ് റൂൾസ് നിലവിൽ ഇതുവരെ വന്നിട്ടില്ല എന്നത് പരിഗണിച്ച് ടി സ്പെഷ്യൽ റൂൾസ് നിലവിൽ വരുന്നതുവരെ ഒരു പ്രത്യേക കേസായി പരിഗണിച്ച്, ഇത് കീഴ്വഴക്കമായി പരിഗണിക്കുവാൻ പാടില്ല എന്ന നിബന്ധനയോടെ DHS/DMO അംഗീകരിച്ച അനുവദനീയമായ തുക മെഡിക്കൽ റീ ഇംപേഴ്സ്മെന്റായി മേൽ ജീവനക്കാർക്ക് അനുവദിക്കുന്നതിന് എക്സിക്യൂട്ടീവ് ഡയറക്ടറെ ചുമതലപ്പെടുത്തി.

**അജണ്ട -5**

**വിഷയം: ഇൻഫർമേഷൻ കേരള മിഷന്റെ (ഐ.കെ.എം) പേര് ഇന്നവേഷൻ കേരള മിഷൻ എന്നാക്കി മാറ്റുന്നത് സംബന്ധിച്ച്.**

**തീരുമാനം**

ഐ.കെ.എമ്മിന്റെ ഗവേണിംഗ് ബോഡിയുടെ പരിഗണനക്കായി സമർപ്പിക്കുന്നതിന് തീരുമാനിച്ചു.

**അജണ്ട -6**

**വിഷയം: National Urban Digital Mission (NUDM) ന്റെ UPYOG പ്ലാറ്റ്ഫോം സ്വീകരിക്കുന്നതുമായി ബന്ധപ്പെട്ട് ഐ.കെ.എം കരാറിൽ ഏർപ്പെട്ട നടപടി സാധൂകരിക്കുന്നത് സംബന്ധിച്ച്.**

**തീരുമാനം**

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഇ-ഗവേർണൻസ് പരിപാടികൾ വേഗത്തിലും കാര്യക്ഷമമായും നടപ്പിലാക്കുന്നതിനായാണ് National Urban Digital Mission (NUDM) ന്റെ UPYOG പ്ലാറ്റ്ഫോം സ്വീകരിക്കുന്നതുമായി ബന്ധപ്പെട്ട കരാറിൽ ഐ.കെ.എം ഏർപ്പെട്ടതെന്നതിനാൽ പ്രസ്തുത നടപടിക്ക് സാധൂകരണം നൽകി. ഇതിൻമേൽ സർക്കാർ ഉത്തരവ് നൽകുന്നതിന് സർക്കാരിലേക്ക് അയക്കുന്നതിന് ചെയർപേഴ്സൺ നിർദ്ദേശിച്ചു.

**അജണ്ട –7**

**വിഷയം:പബ്ലിക്ക് ഓഫീസ് കോംപ്ലക്സിലുള്ള ഐ.കെ.എമ്മിന്റെ ഓഫീസിൽ Workstation, Electrification and Networking എന്നിവ ചെയ്യുന്നതിനുള്ള അനുമതി സംബന്ധിച്ച്.**

**തീരുമാനം**

സർക്കാർ അംഗീകൃത അക്രഡിറ്റഡ് ഏജൻസികൾ മുഖേന നിലവിലെ സർക്കാർ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ ഐ.കെ.എമ്മിന്റെ Ownfund ൽ നിന്നും ചെയ്യുന്നതിന് എക്സിക്യൂട്ടീവ് ഡയറക്ടറെ ചുമതലപ്പെടുത്തി.

ബാക്കിയുള്ള അജണ്ടകൾ അടുത്ത എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ ചർച്ചചെയ്യുന്നതിന് തീരുമാനിച്ചു.

**യോഗം 4.45 PM ന് അവസാനിച്ചു.**

**(ഒപ്പ്)**
**ചീഫ് മിഷൻ ഡയറക്ടർ & എക്സിക്യൂട്ടീവ് ഡയറക്ടർ (i/c)**
**ഇൻഫർമേഷൻ കേരള മിഷൻ**
**(മെമ്പർ സെക്രട്ടറി)**

**(ഒപ്പ്)**
**അഡീഷണൽ ചീഫ് സെക്രട്ടറി**
**തദ്ദേശ സ്വയംഭരണ വകുപ്പ്**
**(ചെയർപേഴ്സൺ)**